"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട്, എസ്.എസ്.എം.യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അഭിലാഷ്.പി.യുടെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.473/2026/GEDN തീയതി,തിരുവനന്തപുരം, 17-01-2026

---

പരാമർശം:- 1. സ.ഉ(കൈ)നം.19/2025/GEDN തീയതി 27.01.2025 ഉത്തരവ്

2 മാനേജരുടെ 08.05.2025 തീയതിയിലെ റിവിഷൻ ഹർജി

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03/07/2025 തീയതിയിലെ ഡിജിഇ/12736/2025-ജി3 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കോഴിക്കോട്, എസ്.എസ്.എം.യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അഭിലാഷ്.പി.യുടെ 02.12.2013 മുതൽ ശമ്പളസ്കെയിലിൽ തുടർച്ചയായുള്ള നിയമനാംഗീകാരം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ ബന്ധപ്പെട്ടവരെ 04.07.2025ന് നേരിൽ കേട്ടു.

3. ശ്രീ.അഭിലാഷ് പി., മാനേജർ എന്നിവരുടെ വാദങ്ങൾ ഇപ്രകാരമാണ്.

3.1. താമരശ്ശേരി വിദ്യാഭ്യാസ ഉപജില്ലയിൽ ഉൾപ്പെടുന്ന വെട്ടിഒഴിഞ്ഞ തോട്ടം എസ്.എസ്.എം.യു.പി. സ്കൂളിലെ ആഫീസ് അറ്റൻഡന്റ് ശ്രീ.മുഹമ്മദ് വി.സി. 30/11/2023 ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിലാണ് 02/12/2013 മുതൽ തന്നെ പകരം നിയമിച്ചത്. 2013-14 വർഷം വിദ്യാലയം മധ്യവേനലവധിക്ക് അടക്കുന്ന തിയ്യതിക്ക് നിയമന കാലയളവ് 8 മാസത്തിൽ കുറവാണെന്ന് കാണിച്ച്, നിയമനത്തിന് 02/12/2013 മുതൽ 31/3/2014 വരെ ദിവസ വേതനാടിസ്ഥാനത്തിലും, മധ്യവേനലവധി കഴിഞ്ഞ് സ്കൂൾ തുറന്ന തിയ്യതിയായ 02/06/2014 മുതൽക്ക് തുടർച്ചയായുമാണ് അംഗീകാരം നൽകിയിരുന്നത്. നിയമന സംബന്ധമായ അദ്ധ്യാപകരുടെ അതേ മാനദണ്ഡം, അനദ്ധ്യാപകർക്കും ബാധകമാണെന്ന പരിഗണനയിലാണ്, വെക്കേഷൻ സ്റ്റാഫ് അല്ലാത്ത ആഫീസ് അറ്റൻഡന്റിനും 8 മാസ തുടർസേവനം മധ്യവേലനവധിക്ക് വിദ്യാലയം അടക്കുന്ന തിയ്യതി വരെ വേണം എന്ന നിലപാട് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സ്വീകരിച്ചത്.

3.2. 14/10/2015 ലെ ജെ2/44977/13/പൊ.വി.വ സർക്കാർ കത്ത്, 05/03/2018-ലെ ജെ3/182/17/പൊ.വി.വ സർക്കാർ കത്ത് (സ്നേഹ ചെറിയാൻ കേസ്സിൽ സുപ്രീം കോടതി

ഉത്തരവനുസരിച്ച് പുറപ്പെടുവിച്ചത്) ഇവ പ്രകാരം, ഒരു അക്കാദമിക് വർഷത്തിൽ കൂടുതൽ കാലം നിലനിൽക്കുന്ന ഒഴിവുകളിൽ തുടർനിയമനം നടത്തിയാൽ അക്കാദമിക് വർഷാവസാനം വരെയുള്ള സേവന ദൈർഘ്യം കണക്കിലെടുക്കാതെ ശമ്പള സ്കെയിലിൽ അവധിക്കാല വേതനമടക്കം നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 27/01/2025-ലെ സ.ഉ.(കൈ) 19/25/പൊ.വി.വ പ്രകാരം അവധിക്കാല ശമ്പളത്തിന് എട്ട് മാസ സേവനദൈർഘ്യം വേണമെന്ന നിബന്ധനയിൽ നിന്നും, അനദ്ധ്യാപക ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ട്.

3.3. മേൽ ഉത്തരവുകൾ കണക്കിലെടുത്ത് തന്റെ ഓഫീസ് അറ്റൻഡന്റ് നിയമനത്തിന് 02/12/2013 മുതൽ തുടർച്ചയായി, അവധിക്കാല ശമ്പളമടക്കം, നിശ്ചിത ശമ്പള സ്കെയിലിൽ അനുവദിച്ച്, നിയമനാംഗീകാരം പുതുക്കാനുള്ള നിർദ്ദേശം താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകണമെന്നതാണ് മാനേജരുടെ ആവശ്യം.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്

4.1. 2013 - 2014 വർഷം വിദ്യാലയം മധ്യവേനലവധിക്ക് അടയ്ക്കുന്ന തിയ്യതിക്ക് നിയമന കാലയളവ് 8 മാസത്തിൽ കുറവാണെന്ന് കാണിച്ച്, നിയമനത്തിന് 02/12/2013 മുതൽ 31/3/2014 വരെ ദിവസ വേതനാടിസ്ഥാനത്തിലും, മദ്ധ്യവേനലവധി കഴിഞ്ഞ് സ്കൂൾ തുറന്ന തിയ്യതിയായ 02/06/2014 മുതൽക്ക് തുടർച്ചയായുമാണ് ശ്രീ.അഭിലാഷ്.പിയ്ക്ക് അംഗീകാരം നൽകിയിരുന്നത്. നിയമന സംബന്ധമായ അദ്ധ്യാപകരുടെ അതേ മാനദണ്ഡം, അനദ്ധ്യാപകർക്കും ബാധകമാണെന്ന പരിഗണനയിലാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അപ്രകാരം തീരുമാനം കൈക്കൊണ്ടത് എന്ന് കാണുന്നു. അനദ്ധ്യാപക നിയമനങ്ങൾക്ക് മധ്യവേനലവധി ബാധകമാകുന്നില്ല. മേൽ സാഹചര്യത്തിൽ ശ്രീ. അഭിലാഷ്.പി.യുടെ നിയമനം ടിയാന്റെ നിയമന തീയതി മുതൽ ശമ്പള നിരക്കിൽ അംഗീകരിച്ച് നൽകാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിംഗ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വെക്കേഷൻ സ്റ്റാഫ് അല്ലാത്ത അനദ്ധ്യാപകരുടെ കാര്യത്തിൽ വെക്കേഷൻ സാലറി ലഭിക്കണമെങ്കിൽ 8 മാസത്തെ സർവീസ് വേണമെന്ന വ്യവസ്ഥ (KER Chapter XIV A ചട്ടം 49) ബാധകമല്ലെന്ന് പരാമർശം (1) പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ആയതിനാൽ കോഴിക്കോട്, എസ്.എസ്.എം.യു.പി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.അഭിലാഷ്.പി.യ്ക്ക് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ 02.12.2013 മുതൽ ശമ്പളസ്കെയിലിൽ നിയമനാംഗീകാരം നൽകാനുള്ള നിർദ്ദേശം താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകി അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

മാനേജർ, എസ്.എസ്.എം.യു.പി. സ്കൂൾ, വെട്ടിയൊഴിഞ്ഞ തോട്ടം, കട്ടിപ്പാറ പി.ഒ., കോഴിക്കോട്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, താമരശ്ശേരി
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 17-01-2026 15:45:28

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.